**റൂളിംഗ്**

## ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം

മി. സ്പീക്കർ: 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ വകുപ്പ് 4-ലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ ഒരു പുതിയ ഭേദഗതി ഇപ്പോൾ പരിഗണിക്കുന്നതിന്റെ സാംഗത്യമാണ് ശ്രീ. രമേശ് ചെന്നിത്തല ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച കാര്യങ്ങൾ ഇവിടെ വിശദമാക്കുകയുണ്ടായി.

2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ധനകമ്മിക്ക് പുറമെ കേന്ദ്ര സർക്കാർ ഒറ്റത്തവണയായി അനുവദിച്ച വായ്പാ തുക സ്വീകരിക്കുന്നതിന് സ്വാഭാവികമായുണ്ടാകുന്ന നിയമ തടസ്സം ഒഴിവാക്കുന്നതിനായുള്ള ഒരു നിയമ ഭേദഗതിയാണിത് എന്നാണ് കാണുന്നത്.

പൂർണ്ണമായും നിയമസഭയുടെ നിയമ നിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്ന ഒരു വിഷയമാണെന്ന നിലയിൽ ഈ ബിൽ സഭയിൽ

അവതരിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ യാതൊരുവിധ നിയമ തടസ്സവും ഉള്ളതായി കാണുന്നില്ല. ആകയാൽ ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.